# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2674 06.11.2019 -ലെ മറുപടിക്ക്**

**നെന്മാറ മണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം കോളനികളുടെ നവീകരണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും പടിക്കൽപാടം, നെന്മാറ പാടം കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | (പട്ടിക താഴെ) |
| (സി) | ഈ പദ്ധതികളുടെ നിർവ്വഹണ ചുമതല ഏത് ഉദ്യോഗസ്ഥനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (സി) | നിർമ്മാണ ചുമതല പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. 2020 മാർച്ച് മാസത്തോടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. |

(ബി)

| ക്രമ നം. | കോളനിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | പടിക്കൽ പാടം | റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചു. സംരക്ഷണഭിത്തി പാടത്തിന്റെ ഭാഗം ഒഴികെ പ്രവൃത്തി പൂർത്തീകരിച്ചു. വാട്ടർടാങ്കിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | നെന്മാറ പാടം | അംഗനവാടി, ഡ്രൈനേജ്, റോഡ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു സൈഡ് കോൺക്രീറ്റിംഗ് - പാടത്തിന്റെ ഭാഗം ഒഴികെ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ